കുന്ദമംഗലം നിയോജക മണ്ഡലത്തിൽ പൂർത്തിയാക്കിയ വാട്ടർ സപ്ലൈ സ്കീമുകൾ

109 (559) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പൂർത്തിയാക്കിയ വാട്ടർ സപ്ലൈ സ്കീമുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) അതിനായി ഓരോ വർഷവും ആകെ ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

110 (560) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃത്താല മണ്ഡലത്തിലെ തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) ഈ പദ്ധതി പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) തുടർ പ്രവർത്തനങ്ങൾക്ക് എത്രതുക വേണ്ടിവരുമെന്ന് വിശദമാക്കുമോ ;

(ഡി) തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലനിൽക്കുന്നുണ്ടോ ; എങ്കിൽ ആയത് പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തേനാംപാറ പദ്ധതി 3-3-2001-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. ഈ പദ്ധതിയുടെ ഉദ്ദേശിക്കപ്പെട്ട ആയക്കെട്ട് 440 ഹെക്ടറാണ്. പമ്പ് ഹൗസിന്റെയും 1745 മീറ്റർ കനാലിന്റെയും പണി പൂർത്തീകരിച്ചതാണ്. ആയക്കെട്ടിൽ പൂർണമായും ജലസേചനം ലഭ്യമാക്കണമെങ്കിൽ 5200 മീറ്റർ പുതിയ കനാൽ നിർമ്മിക്കേണ്ടതുണ്ട്.

(ബി) ഈ പദ്ധതി പ്രവർത്തനങ്ങൾക്കായി നാളിതുവരെ 101.48 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതിന് ഏകദേശം 300 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതി 2001-ൽ ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. നിലവിലുള്ള 1745 മീറ്റർ കനാലിന്റെ കേടുപാടുകൾ തീർക്കുന്നതിനും ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾക്കുമുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. ഈ അറ്റകുറ്റപ്പണികൾ പൂർത്തിയാകുമ്പോൾ നിലവിലുള്ള കനാലിൽ കൂടി ജലസേചനം നടത്താവുന്നതാണ്.

പത്താഴക്കുണ്ട് ജലസംഭരണിയുടെ ചോർച്ച പരിഹരിക്കാൻ നടപടി

111 (561) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ പത്താഴക്കുണ്ട് ജലസംഭരണിയുടെ ചോർച്ച പരിഹരിക്കുന്നതിനായി മൈനർ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടിയുടെ പുരോഗതി വിശദമാക്കാമോ ;

(ബി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1. ഡാമിന്റെ മുൻഭാഗത്തെ മുഴുവൻ കാടുകളും വെട്ടി വൃത്തിയാക്കിയിട്ടുണ്ട്.

2. 'വി' നോച്ച് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട് പുരോഗമിക്കുന്നു.

3. ഡാം ചോർച്ചയുടെ വിശദാംശങ്ങൾ കണ്ടെത്തുന്നതിന് CWRDM-നോട് ട്രേയ്സർ സ്റ്റഡി നടത്തുന്നതിനുള്ള നടപടികൾ എടുക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഫെബ്രുവരി 7, 8 തീയതികളിൽ CWRDM അധികാരികൾ പത്താഴക്കുണ്ട് ഡാം സന്ദർശിക്കുന്നതാണ്.

4. ഡാമിൽ അനുഭവപ്പെടുന്ന മർദ്ദം അളക്കുന്നതിന് 7 പിസോമീറ്റർ സ്ഥാപിക്കുന്നതിനായി നിർദ്ദേശം നടപ്പിലാക്കുന്നതിനായി ബാംഗ്ലൂരിലെ എ.ഐ.എം. എൽ.എസ്.-മായി ബന്ധപ്പെട്ട് പിസോമീറ്റർ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

5. ബാരലിനുള്ളിലെ ചോർച്ച തടയുന്നതിനുള്ള എപ്പോക്സി മിശ്രിതം ലഭ്യമാക്കി പ്രവൃത്തി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡാമിൽ വെള്ളം കുറയുന്നതനുസരിച്ച് മാത്രമേ ഈ പ്രവൃത്തി നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

6. ഫിൽട്ടർ മീഡിയ പരിശോധിക്കുന്ന പ്രവൃത്തിയും അനുബന്ധ പ്രവൃത്തികളും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly